# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1791** **7.3.2018 ൽ മറുപടിയ്ക്ക്**

## ഒപ്റ്റോമെട്രിസ്റ്റുകളുടെ നിയമനം

| | ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
|---|---|---|---|
| (എ) | ജീവിത ശൈലീരോഗങ്ങളിൽ പ്രധാനമായ പ്രമേഹം മുഖേന കണ്ണിനുണ്ടാകുന്ന ഡയബെറ്റിക് റെറ്റിനോപതി അന്ധതയുണ്ടാക്കുന്നതിന് മുമ്പേ കണ്ടെത്താൻ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമിക നേത്രപരിശോധകരായ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ജീവിത ശൈലീ രോഗങ്ങളിൽ പ്രധാനമായ പ്രമേഹം മുഖേന കണ്ണിനുണ്ടാകുന്ന ഡയബെറ്റിക് റെറ്റിനോപതി പ്രാഥമിക തലത്തിൽത്തന്നെ കണ്ടെത്തുന്നതിനു വേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസർമാർ, ഒപ്റ്റോമെട്രിസ്റ്റുമാർ എന്നിവർ ജില്ലയിലെ സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെ സഹായത്തോടെ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടു പിടിച്ച് വിവിധ ചികിത്സകൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധ ജില്ല, താലൂക്ക് ആശുപത്രികളിലെ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ ജില്ല, താലൂക്ക് ആശുപത്രികളിലെ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 7 ഒപ്റ്റോമെട്രിസ്റ്റ് തസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്. തുടർന്നും ആവശ്യകത അനുസരിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സഞ്ചരിക്കുന്ന കണ്ണാശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും സൗജന്യ തിമിര ശസ്ത്രക്രിയ, സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധിച്ച് സൗജന്യ കണ്ണട വിതരണം എന്നിവ നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന നേത്ര വിഭാഗം, കൂടാതെ ആധുനിക നേത്ര ചികിത്സ സംവിധാനത്തോടു കൂടിയ സഞ്ചരിക്കുന്ന ടെലി ഓഫ്ത്താൽമോളജി യൂണിറ്റ് തിരുവനന്തപുരം, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിൽ ഡയബറ്റിക്, റെറ്റിനോപ്പതി, ഗ്ലൂക്കോമ എന്നിവ കണ്ടുപിടിക്കുവാനുള്ള സംവിധാനം ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലാ ആസ്ഥാന ആശുപത്രികളിലും അടിസ്ഥാന സൗകര്യം ലഭ്യമായ ജനറൽ, താലൂക്ക് ആശുപത്രികളിലും തിമിര ശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും മറ്റ് നേത്ര സംബന്ധമായ അസുഖങ്ങൾക്കുള്ള ചികിത്സയും ലഭ്യമാണ്. ലോക കാഴ്ചദിനം, ദേശീയ നേത്രദാന പക്ഷാചരണം, ലോക ഗ്ലോക്കോമാ വാരം എന്നീ പരിപാടികൾ സംസ്ഥാനത്തിലുടനീളം ആചരിച്ചു വരുന്നു. പ്രമേഹരോഗികൾക്കായി പ്രത്യേക നേത്ര ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് ചികിത്സ വേണ്ടി വരുന്നവർക്ക് മരുന്ന്, ലേസർ ചികിത്സ എന്നിവ സൗജന്യമായി നൽകി വരുന്നു. നേത്രപടലാന്ധത പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് 16 നേത്രബാങ്കുകളിൽ കോർണിയ കളക്ഷൻ സെന്ററുകളും 50 വിഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഇവിടെ ഒപ്റ്റോമെട്രിസ്റ്റുമാരുടെ സേവനം ലഭ്യമാണ്. വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിനും പരിശീലനത്തിനും ഗവേഷണങ്ങൾക്കും മുൻതൂക്കം കൊടുത്തുകൊണ്ടുള്ള മേഖലാ സ്ഥാപനം (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. 24 മണിക്കൂറും ഇവിടെ സേവനം ലഭ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചില പ്രത്യേക ദിവസങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റുമാരുടെ സേവനം ലഭ്യമാണ്.<br>കേരളത്തിൽ സൗജന്യ തിമിര ശസ്ത്രക്രിയ-നേത്ര ചികിത്സക്കായി 35 സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ കണ്ണാശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ